മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ബൂട്ട് (BOOT) വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് ഏകദേശം 100 MW സ്ഥാപിതശേഷി കൈവരിക്കാവുന്ന 23 പദ്ധതികൾ IPP, CPP വിഭാഗത്തിലായി അനുവദിച്ചു. ഇതിൽ രണ്ടു പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട്.

ഹൈഡൽ പവർ പ്രോജക്ടുകൾ

10 (5814) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ടി. യു. കരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൂടുതൽ ഹൈഡൽ പവ്വർ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

63.6 മെഗാവാട്ടിന്റെ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ 88.2 മെഗാവാട്ടിന്റെ 10 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതിയും 146.2 മെഗാവാട്ടിന്റെ 10 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ബോർഡും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 22 പദ്ധതികളുടെ DPR തയ്യാറാക്കുന്നത് പുരോഗമിക്കുന്നു.

ഊർജ്ജോത്പ്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ 100 മെഗാവാട്ടിന്റെ ഉത്പ്പാദനത്തിനായി 23 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണ ബോധവത്ക്കരണത്തിനായി നടത്തുന്ന പരിപാടികൾ

11 (5815) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണ ബോധവത്ക്കരണത്തിനായി വകുപ്പ് നടത്തുന്ന പരിപാടികളെക്കുറിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിലുള്ള ബോധവത്ക്കരണംമൂലം ഊർജ്ജ ഉപഭോഗത്തിൽ കുറവുവന്നതായി കാണുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) ഊർജ്ജ സംരക്ഷണ ബോധവത്ക്കരണത്തിനായി താഴെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു :

- ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് വീടുകളിൽ ചെന്ന് ഊർജ്ജ സംരക്ഷണ ക്ലാസുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.
- വിദ്യാർത്ഥികൾക്കുവേണ്ടി സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ സംസ്ഥാനതലത്തിൽ എനർജി കോൺഗ്രസ് നടത്തി വരുന്നു.
- പൊതുജന ബോധവൽക്കരണത്തിനായി AIWC (All India Women's Council) ഗാന്ധി സ്മാരക നിധി, വിവിധ എൻ.ജി.ഒകൾ, എൻ.എസ്.എസ്. തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് വിവിധ പരിപാടികൾ നടത്തുന്നു.
- കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്ക്, ഐ.റ്റി.ഐ. മുതലായ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ എക്സിബിഷനുകൾ മത്സരങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുകയുണ്ടായി.
- AIR-ലെ "ഹലോ ആകാശവാണി"എന്ന പരിപാടിയിലൂടെ പൊതുജനങ്ങളുടെ ഊർജ്ജ സംരക്ഷണ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകിയിരുന്നു.
- വീടുകളിലെ ഊർജ്ജ ഉപഭോഗം ഉൾക്കൊള്ളിച്ച് ഹോം എനർജി ഓഡിറ്റിംഗ് എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു.
- ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനായി ഇ.എം.സി.-യിൽ എനർജി ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തനം ആരംഭിച്ചു.
- സംസ്ഥാനത്തെ വായനശാലകളിൽ ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- സംസ്ഥാനത്തെ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്കും വയർമാൻമാർക്കുംവേണ്ടി ജില്ലാതലത്തിൽ ഊർജ്ജ .സംരക്ഷണ ശിൽപ്പശാലകൾ നടത്തി.

- കേരളത്തിൽ എല്ലാ HT/EHT ഉപഭോക്താക്കൾക്കും എനർജി ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്.

- കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്കും എനർജി മാനേജർമാർക്കും വേണ്ടി എനർജി ഓഡിറ്റിംഗ് സംബന്ധിച്ച് ശിൽപ്പശാലകൾ നടത്തിവരുന്നു. .

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ജനങ്ങളിൽ എത്തിക്കുന്നു. മലയാള മനോരമയുമായി സഹകരിച്ച്, ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന സന്ദേശങ്ങൾ ഊർജ്ജ സംരക്ഷണ നുറുങ്ങുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ടതെങ്ങനെ തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച 'ഊർജ്ജച്ചെപ്പ് ' എന്ന കൈപ്പുസ്തകത്തിന്റെ 22 ലക്ഷം കോപ്പികൾ ദിനപ്പത്രത്തോടൊപ്പം വിതരണം ചെയ്തിരുന്നു. കേരളത്തിലുടനീളം തിരഞ്ഞെടുക്കപ്പെട്ട തീയറ്ററുകളിലും ദൃശ്യമാധ്യമങ്ങളിലും ആകാശവാണിയിലും എഫ്.എം ചാനലുകളിലും സോഷ്യൽ മീഡിയയിലൂടെയും (face book) പ്രമുഖ സിനിമാ താരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യേണ്ടത്ര പ്രചാരം നൽകിയിട്ടുണ്ട്. കേരളത്തിലെ പ്രധാന പ്രദർശന നഗരികളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന തരത്തിലുള്ള പ്രദർശനവസ്തുക്കൾ ഒരുക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് ലിമിറ്റഡ് പത്രങ്ങളിൽക്കൂടി നൽകുന്ന എല്ലാ ടെണ്ടർ പരസ്യങ്ങൾക്കും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾക്കും കീഴെ വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്.

ഇതിനുപുറമേ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി 2013 മാർച്ച് 23-ന് തുടക്കം കുറിച്ച ഇലക്ട്രിസിറ്റി ബോർഡിന്റെ ലാഭപ്രഭ എന്ന ബൃഹത്തായ പ്രചരണ പരിപാടി 2014-ലും നടപ്പിലാക്കിയിട്ടുണ്ട്. 2013 ലാഭപ്രഭ പദ്ധതിയോടൊപ്പം നോ ലോഡ് ഷെഡിംഗ് കാമ്പയിൻ എന്ന പദ്ധതിയും നടപ്പിലാക്കി.

ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി കെഎസ്.ഇ. ബി.-യിൽ "എനർജി സേവിംഗ് കോ-ഓർഡിനേഷൻ ടീം" അഥവാ എസ്കോർട്ട് എന്നൊരു വിഭാഗം തന്നെ രൂപീകരിച്ചിട്ടുണ്ട്. ഗാർഹിക വ്യാവസായിക കാർഷിക മേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉപഭോക്താക്കളെ ഊർജ്ജ സംരക്ഷണത്തിൽ ബോധവാൻമാരാക്കുക, അതിനുള്ള സാങ്കേതിക സഹായം നൽകുക തുടങ്ങിയ പ്രവൃത്തികളാണ് ഇപ്പോൾ 'എസ്കോർട്ട്' ചെയ്യുവരുന്നത്.

ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കൽ, ഐസ് പ്ലാന്റുകളിലെ ഊർജ്ജ സംരക്ഷണം നടത്തുന്നതിനുള്ള സാങ്കേതിക ഉപദേശങ്ങൾ നൽകൽ, കാർഷിക മേഖലയിലെ പമ്പിംഗ് സംവിധാനത്തിലെ ഊർജ്ജ സംരക്ഷണം, വിതരണ മേഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ/എൻ.എസ്.എസു-മായി സഹകരിച്ചുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ എസ്കോർട്ടിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

(ബി) ഉണ്ട്. 2013-14 കാലയളവിൽ ഏകദേശം 85 മില്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013 മാർച്ച് 23-ന് ആരംഭിച്ച് മെയ് 31-ന് അവസാനിച്ച ലാഭപ്രദ കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 22,80,750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2014 ലാഭപ്രദ സീസൺ 2 കാമ്പയിൻ പിരീഡിൽ മൊത്തം 9.47 ദശലക്ഷം യൂണിറ്റ് കുറവാണ് രേഖപ്പെടുത്തിയത്. പഞ്ചായത്തുകൾ റസിഡൻസ് അസോസിയേഷനുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയും ജനപ്രതിനിധികളുമായും സഹകരിച്ച് 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ പത്ത് ഫീഡറുകളിൽ നിന്നു മാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭം രേഖപ്പെടുത്തി. ഐസ് പ്ലാന്റുകളിലെ പ്രാഥമിക ഘട്ട ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി 50 Kg. ഭാരമുള്ള ഒരു ഐസ് ബ്ലോക്ക് ഉണ്ടാക്കുന്നതിനുള്ള വൈദ്യുതിയുടെ ചെലവ് നാല് യൂണിറ്റിൽ നിന്നും 2.8 യൂണിറ്റായി കുറഞ്ഞു.

സോളാർ പാർക്ക്

12 (5816) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് പാർക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; ഈ പദ്ധതിയുമായി ഏതെങ്കിലും സ്വകാര്യ ഏജൻസികൾ സഹകരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) സോളാർ പാർക്കിൽ ഒരു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെലവ് എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly